**പതിമൂന്നാം കേരള നിയമസഭ**

ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1676**

**11-02-2013 ൽ മറുപടിയ്ക്ക്**

സംസ്ഥാനത്തെ നെല്ലുല്പാദനത്തകർച്ച

**ചോദ്യം**

ശ്രീ.ചിറ്റയം ഗോപകുമാർ

**മറുപടി**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് ഇക്കഴിഞ്ഞ പത്ത് വർഷത്തിനിടെ ഉണ്ടായിട്ടുള്ള ഏറ്റവും കുറവ് നെല്ലുൽപ്പാദനമാണ് നിലവിൽ സംജാതമായിട്ടുള്ളത് എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

വർഷം തോറും കുറയുന്ന വിസ്തീർണ്ണത്തിന് ആനുപാതികമായി മാത്രമാണ് നെല്ലുല്പാദനം കുറയുന്നത്. ഉല്പാദനക്ഷമത എല്ലാ വർഷവും കൂടുന്നുണ്ട്. രണ്ട്, മൂന്ന് വർഷ ങ്ങളിലായി പ്രകൃതിക്ഷോഭം, വരൾച്ച എന്നിവ കാരണം ഉല്പാദനക്ഷമത കുറഞ്ഞിട്ടുണ്ട്. 2011-2012 വർഷത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് ഉല്പാദന ത്തിൽ 8.85% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ബി) കാർഷിക വികസനത്തിന് കേന്ദ്രവിഹിതം വർദ്ധിപ്പിച്ചിട്ടും നിരവധി നെൽകൃഷി വികസന പദ്ധതികൾ സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടും ഉണ്ടായിട്ടുള്ള ഈ നെല്ലുല്പാദന തകർച്ചയ്ക്ക് കാരണമെന്തെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കാമോ?

(ബി) നെല്ലുല്പാദനത്തിനായി സംസ്ഥാനത്ത് നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടും ഉല്പാദന രംഗത്തുള്ള കുറവിന് പ്രധാന കാരണം നെൽവയൽ വിസ്തൃതിയിലുള്ള കുറവാണ്.

വർഷം കഴിയുന്തോറും കുറവിന്റെ അളവ് കൂടി കൂടി വരുന്നുണ്ട്.

2001-02 വർഷം 322368 ഹെക്ടർ ആയിരുന്നത്, 2002-03 ആയപ്പോൾ 310521 ഹെക്ടർ ആയി ചുരുങ്ങി. മേൽപ്പറഞ്ഞ രീതിയിൽ കഴിഞ്ഞ 10 വർഷങ്ങളിൽ, 2003-04 (-7.47%), 2005-06 (- 4.91%), 2006-07 (- 4.43%), 2007-08 (-13.3%), 2009-10 ൽ (-0.26%) 2010-11 ൽ (-8.9%) 2011-12 ൽ (-2.36%) വിസ്തീർണ്ണത്തിൽ വ്യതിയാനം സംഭവിക്കുകയുണ്ടായി.

സെക്ഷൻ ഓഫീസർ